**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3026** **28-02-2023 - ൽ മറുപടിയ്ക്ക്**

**ചട്ടമ്പി സ്വാമികളുടെ സ്മാരകം സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചട്ടമ്പി സ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും അധികമായി ഏറ്റെടുക്കേണ്ട ഭൂമിയ്ക്കായുള്ള തുക അനുവദിച്ചിട്ടുണ്ടോയെന്നും സ്മാരക നിർമ്മാണം എന്ന് യാഥാർത്ഥ്യമാക്കാനാകുമെന്നും വിശദമാക്കാമോ? | (എ) | ചട്ടമ്പി സ്വാമികളുടെ തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് മച്ചേൽ കുളങ്ങര കോണത്തുള്ള മാതൃഭവനം (പൊന്നിയത്ത് തറവാട്) ചട്ടമ്പി സ്വാമി സ്മാരകമായി സംരക്ഷിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4-ൽ റീസർവ്വേ നമ്പർ 288/12 ൽ ഉൾപ്പെട്ട 9.58 ആർ വിസ്തൃതിയുള്ള ഭൂമിയും അതിൽ നിലവിലുള്ള കെട്ടിടവും നിയമപ്രകാരം റവന്യൂ വകുപ്പ് മുഖേന ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. എന്നാൽ പൊന്നുംവില നടപടികളുടെ ഭാഗമായി സ്ഥല പരിശോധന നടത്തിയ സാഹചര്യത്തിൽ അർത്ഥന പ്രകാരമുള്ള ഭൂമി ഏറ്റെടുത്ത് കഴിഞ്ഞാൽ ബാക്കിയുള്ള 4.04 ആർ വസ്തു ഭൂവുടമയ്ക്ക് ഉപയോഗ യോഗ്യമല്ലാതെ വരുമെന്ന് ലാന്റ് അക്വിസിഷൻ ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, കുടുംബാംഗങ്ങളുടെ ആവശ്യ പ്രകാരവും 13.62 ആർ (ചട്ടമ്പിസ്വാമികളുടെ ഭവനം സ്ഥിതി ചെയ്യുന്ന മുഴുവൻ സ്ഥലം) ഏറ്റെടുക്കാൻ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>ഭൂമിക്ക് ആർ ഒന്നിന് 2 ലക്ഷം രൂപ മതിപ്പ് വില നിശ്ചയിച്ച് 9.58 ആർ ന് 19,16,000/-രൂപ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിരുന്നു. 2022-23 സാമ്പത്തിക വർഷം 2205-00-102-08-50 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 20,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 13.62 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 33,09,349/-രൂപ പൊന്നുംവില ഓഫീസറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | തഹസിൽദാർ (എൽ.എ) ജനറൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2205-00-102-08-50 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20,00,000/-രൂപയ്ക്ക് പുറമെ 13,09,349/-രൂപ കൂടി അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ